Page 1 of 3

(സി) ടൂറിസം സൊസൈറ്റികളുടെ രജിസ്ട്രേഷന് സർക്കാർ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ?

പ്രാഥമിക ടൂറിസം സംഘങ്ങളുടെ പ്രവർത്തന പരിധി ഒരു താലൂക്കായി നിജപ്പെടുത്തിയിട്ടുണ്ട്.

പ്രാഥമിക കാർഷിക സംഘങ്ങളുടെ നവീകരണം

247(3679) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നവീകരണത്തിനും ആധുനികവത്കരണത്തിനുമായി നബാർഡ് മുഖാന്തരം എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും അറിയിക്കാമോ?

നബാർഡിന്റെ സ്പെഷ്യൽ റീ-ഫിനാൻസ് ഫെസിലിറ്റി പ്രകാരം പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ മൾട്ടി സർവ്വീസ് സെന്ററുകളായി മാറ്റുന്നതിനുള്ള PACS as MSC എന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിയുടെ പലിശ 4% ആണ്. കൂടാതെ ഇതേ പദ്ധതിയെതന്നെ കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ കൂടി ഉൾപ്പെടുത്തി 3% പലിശ സബ്വെൻഷൻ കൂടി ലഭ്യമാക്കുന്നു. സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ 7 വർഷ കാലാവധിയുള്ള ടേം ലോണുകളായിട്ടാണ് വായ്പ അനുവദിക്കുന്നത്. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് വിപണനം, കാർഷിക സംസ്കരണം, ആരോഗ്യസഹകരണം മുതലായവയ്ക്ക് നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല വികസനനിധി പദ്ധതി (RIDF) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

248(3680) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

ആകെ 851 സംഘങ്ങളിൽ പ്രവർത്തിക്കുന്ന സംഘങ്ങൾ 410 എണ്ണം ആണ്. ടി സംഘങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനുമായി ചുവടെ പറയുന്ന ധനസഹായ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ഒരു സംഘത്തിന് പ്രതിമാസം 10,000 രൂപ നിരക്കിൽ ആദ്യത്തെ 5 വർഷവും ടി അഞ്ചുവർഷത്തിനുള്ളിൽ സംഘം ലാഭകരമാകുന്ന പക്ഷം അത്തരം സംഘങ്ങൾക്ക് പ്രതിമാസം 15,000 രൂപ നിരക്കിൽ തുടർന്നുള്ള 3 വർഷവും മാനേജീരിയൽ സബ്സിഡി അനുവദിച്ചു വരുന്നു.
2. സംഘം പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പ്രവർത്തന മൂലധന ഗ്രാന്റായി 5 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു.
3. സംഘങ്ങളുടെ ആഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിന് കെട്ടിട പുനരുദ്ധാരണ ഗ്രാന്റായി 5 ലക്ഷം രൂപ വരെ അനുവദിച്ചു വരുന്നു.
4. 4 ലക്ഷം രൂപവരെ സർക്കാർ ഓഹരി മൂലധനമായി അനുവദിച്ചു വരുന്നു.
5. വിവിധ പ്രോജക്ടുകൾ നടപ്പിലാക്കി ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് പുനരുദ്ധാരണ പദ്ധതി പ്രകാരം പരമാവധി 20 ലക്ഷം രൂപയും (ഓഹരി 5 ലക്ഷം രൂപ + സബ്സിഡി 15 ലക്ഷം രൂപ) അനുവദിച്ചുവരുന്നു.
6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകുന്നതിന് സംഘങ്ങളിൽ കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിന് 5 ലക്ഷം രൂപ (ഓഹരി 1,50,000 രൂപ + സബ്സിഡി 3,50,000 രൂപ) അനുവദിച്ചു വരുന്നു.
7. നൂതന പദ്ധതികൾ നടപ്പിലാക്കി സംഘത്തിലെ കൂടുതൽ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് സ്പെഷ്യൽ റിവൈവൽ സ്കീം പ്രകാരം 40 ലക്ഷം രൂപ (ഓഹരി 10 ലക്ഷം രൂപ + സബ്സിഡി 30 ലക്ഷം രൂപ) അനുവദിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് 50 ലക്ഷം രൂപ വരെ (ഓഹരി 20 ലക്ഷം + സബ്സിഡി 30 ലക്ഷം) അനുവദിച്ചു വരുന്നു. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര പുനരുദ്ധാരണത്തിനായി പുനർജ്ജനി എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനും ആവശ്യമായ സാമ്പത്തികസഹായം അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോങ്ങാട് മണ്ഡലത്തിലെ മങ്കര പട്ടിക ജാതി സർവീസ് സഹകരണ സംഘം നിലവിൽ പ്രവർത്തനരഹിതമാണ്. സംഘത്തിന്റെ പ്രവർത്തനത്തിനും കെട്ടിടത്തിന്റെ പുനർനിർമ്മാണത്തിനുമുള്ള ധനസഹായത്തിനായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ധനസഹായ പദ്ധതിയുടെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ടി സംഘത്തിന് ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുന്നതാണ്.

സഹകരണ സംഘങ്ങളിലെ ഓഡിറ്റ് സ്റ്റാഫ് നിയമനം

249 (3681) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ റൂൾ 156 അനുസരിച്ച് സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസ്സിഫിക്കേഷൻ ബാധകമാക്കാതെ ഓഡിറ്റ് സ്റ്റാഫുകളെ ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ നിയമിക്കാമെന്നത് ഭേദഗതി ചെയ്യുന്ന കാര്യം പരിഗണിക്കുമോ;

(ബി) സഹകരണ സംഘങ്ങൾക്ക് അവരുടെ ക്ലാസിഫിക്കേഷൻ അനുസരിച്ച് ഗ്രേഡ് തിരിച്ച് ഓഡിറ്റർമാരെ നിയമിക്കാമെന്ന ഭേദഗതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) സഹകരണ സ്ഥാപനങ്ങൾ ഓഡിറ്ററെ നിയമിക്കുന്നതിന് പ്രമേയം അംഗീകരിക്കുകയും ഓഡിറ്റ് കോസ്റ്റ് അടയ്ക്കുകയും ചെയ്യുന്ന മുറയ്ക്കാണ് കെ.എസ്.ആർ ഭാഗം I ചട്ടം 156 പ്രകാരം ഓഡിറ്റർമാരെ നിയമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly